അഗളി കൃഷിവികസന ആഫീസിലെ പാർട്ട്ടൈം സ്വീപ്പറുടെ നിയമനം സംബന്ധിച്ച പരാതി

1251 [2231] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗളി കൃഷി വികസന ആഫീസിലെ പാർട്ട്ടൈം സ്വീപ്പറുടെ നിയമനത്തെപ്പറ്റി ഗവൺമെന്റിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിൻമേൽ ഗവൺമെന്റ് എടുത്ത നടപടികൾ വിശദീകരിക്കാമോ ;

(സി) ഈ കേസിൽ കുറ്റക്കാരായവർക്കെതിരെ എന്തു നടപടികൾ എടുത്തു ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതിയിൻമേൽ വിശദമായ അന്വേഷണം നടത്തണമെന്ന് കൃഷിവകുപ്പ് ഡയറക്ടർക്കു നിർദ്ദേശം നൽകുകയുണ്ടായി.

(സി) കൃഷിവകുപ്പു ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ച ശേഷമേ മേൽ നടപടി എടുക്കാൻ സാധിക്കുകയുള്ളു.

മണ്ണാർക്കാട് താലൂക്കിലെ തച്ചനാട്ടുകരയിൽ ഒരു മൃഗാശുപത്രി

1252 [2232] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മണ്ണാർക്കാട് താലൂക്കിലെ തച്ചനാട്ടുകരയിൽ ഒരു മൃഗാശുപത്രി സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ. ?

ഉത്തരം

സംസ്ഥാനത്തു പുതിയ മൃഗാശുപത്രികൾ ആരംഭിക്കുന്നതിനു നടപടികൾ സ്വീകരിക്കുന്ന സന്ദർഭത്തിൽ തച്ചനാട്ടുകരയുടെ ആവശ്യവും പരിഗണിക്കുന്നതാണ്.

Anglo Indian Candidate for B. Sc. (Agri.) Course

1253 [2233] Shri Stephen Padua : Will the Minister for Agriculture be pleased to state :

The name and address of the candidate selected to the reserved seat to the Anglo Indian Community for the I Year B.Sc (Agriculture) Class during the year 1986-87.

Answer

The admission to the I year B. Sc. (Agriculture) Class is yet to be commenced.

കണ്ണൂർ ജില്ലയിൽ മണ്ണൊലിപ്പ് സംരക്ഷണ പദ്ധതികൾ

1254 [2234] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫ്ളഡ് റിലീഫ് സ്കീമിൽപ്പെടുത്തി കണ്ണൂർ ജില്ലയിൽ എവിടെയെല്ലാം മണ്ണൊലിപ്പു സംരക്ഷണ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly